ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ

17 (*516) ശ്രീ. വി .കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി ക്ലാസ്സുകളിലേയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഗ്രൂപ്പുകളിലാണെന്നും പ്രസ്തുത ഓരോ ഗ്രൂപ്പിലും അടങ്ങിയ വിഷയങ്ങൾ ഏതാണെന്നും വ്യക്തമാക്കുമോ ;

(സി) കോമേഴ്സ് വിഷയം പ്രൈവറ്റായി പഠിക്കാനുള്ള സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ഉണ്ട്.

(ബി) ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിലവിലുണ്ട്. ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ എ മുതൽ എച്ച് വരെ എട്ട് വ്യത്യസ്ത കോമ്പിനേഷനുകളിലേയ്ക്കും കോമേഴ്സ് ഗ്രൂപ്പിൽ ഐ.ജെ.കെ എന്നീ മൂന്ന് വ്യത്യസ്ത കോമ്പിനേഷനുകളിലേയ്ക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോ കോമ്പിനേഷനിലേയ്ക്കും ഉള്ള വിഷയങ്ങൾ താഴെ പറയുന്നവയാണ്.

ഹ്യൂമാനിറ്റീസ്

(എ) ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി.

(ബി) ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി.

(സി) ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്.

(ഡി) ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം (സാഹിത്യം), സംസ്കൃതം (ശാസ്ത്രം) .

(ഇ) ഇസ്ലാമിക് ഹിസ്റ്ററി ആന്റ് കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഹിസ്റ്ററി, ഫിലോസഫി, സംസ്കൃതം (സാഹിത്യം), സംസ്കൃതം (ശാസ്ത്രം) .

(ജി) ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ആന്ത്രോപ്പോളജി.

(എച്ച്) ഇസ്ലാമിക് ഹിസ്റ്ററി ആന്റ് കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, അറബിക്.

കോമേഴ്സ്

(ഐ) ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്.

(ജെ) ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്.

(കെ) ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി

18 (*517) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനും ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലകളിലെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ അവലോകന യോഗത്തിൽ വിവിധ വകുപ്പുകളെ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ അടിയന്തിരമായി പരിഹരിക്കുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly